## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3560 | | | 20.06.2019-ൽ മറുപടിക്ക് |
|---|---|---|---|
| **സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ** | | | |
| **ചോദ്യം**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ** | | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക ഗാർഹികേതര പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ എത്ര; വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ നടന്ന ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 5222 കേസുകളും, കുട്ടികൾക്കെതിരെയുള്ള ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 419 കേസുകളും, സ്ത്രീകൾക്കെതിരെയുള്ള ഗാർഹികേതര പീഡനങ്ങളും, അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 36534 കേസുകളും, കുട്ടികൾക്കെതിരെയുള്ള ഗാർഹികേതര പീഡനങ്ങളും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 10798 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം പീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവ തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വനിതാ സെല്ലും, 24 മണിക്കൂർ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. കൂടാതെ മൊബൈൽ പട്രോളിംഗ്, ബീറ്റുകൾ എന്നിവ നടത്തിയും, സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വയം രക്ഷാ പരിശീലന പദ്ധതി (Self defence training) നടപ്പിലാക്കി പരിശീലന ക്ലാസുകൾ നൽകിയും, പിങ്ക് പട്രോളിംഗ്, ജനമൈത്രി സംവിധാനം എന്നിവ നടപ്പിലാക്കിയും, വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗത്തെ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ക്ലാസുകൾ നടത്തിയും, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളെപ്പറ്റി നിയമ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, സ്കൂൾ കോളേജ് പരിസരങ്ങളിൽ തിരക്കേറിയ സമയങ്ങളിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ